**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4964** **20-03-2025 - ൽ മറുപടിയ്ക്ക്**

**മാർ ബേസിൽ, നാവാമുകുന്ദ സ്കൂളുകൾക്കെതിരെയുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ നവംബർ മാസത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച സംസ്ഥാന സ്കൂൾ കായികമേളയുമായി ബന്ധപ്പെട്ട് കോതമംഗലം മാർ ബേസിൽ, തിരുനാവായ നാവാമുകുന്ദ എന്നീ സ്കൂളുകൾക്കെതിരെ സ്വീകരിച്ച നടപടികൾ പിൻവലിച്ച് ഉത്തരവായിട്ടുണ്ടോ; | (എ) | പ്രതിഷേധം നടത്തിയ മാർ ബേസിൽ HSS കോതമംഗലം, NMHSS, തിരുനാവായ എന്നീ സ്കൂളുകളെ അടുത്ത വർഷത്തെ സംസ്ഥാന സ്കൂൾ കായിക മത്സരങ്ങളിൽ നിന്നും വിലക്കിയ നടപടി കുട്ടികളുടെ ഭാവിയെ കരുതി അടിയന്തരമായി റദ്ദാക്കുന്നതിനും ടി വിഷയത്തിൽ അധ്യാപകർക്കെതിരെ സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടികൾ ചട്ട പ്രകാരം പൂർത്തീകരിച്ച നടപടി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കേരള സ്കൂൾ കായികമേള-2024 സമാപന ചടങ്ങ് വേളയിൽ ഉണ്ടായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകന യോഗം 13.11.2024 ന് ചേരുകയുണ്ടായി. പ്രസ്തുത യോഗ തീരുമാന പ്രകാരം സമാപന ചടങ്ങിൽ ഉണ്ടായ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനായി 30/11/2024-ലെ സ.ഉ(സാധാ)നം.8457/2024/പൊവിവ പ്രകാരം 3 അംഗ സമിതി രൂപീകരിക്കുകയും ചെയ്തിരുന്നു. ടി സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിഷേധം നടത്തിയ മാർ ബേസിൽ HSS കോതമംഗലം, NMHSS, തിരുനാവായ എന്നീ സ്കൂളുകളെ അടുത്ത വർഷത്തെ സംസ്ഥാന സ്കൂൾ കായിക മത്സരങ്ങളിൽ നിന്നും വിലക്കി കൊണ്ട് 02.01.2024-ലെ sports2/24919/2024/DGE നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ശേഷം പ്രസ്തുത നടപടി കുട്ടികളുടെ ഭാവിയെ കരുതി റദ്ദാക്കുന്നതിനും ടി വിഷയത്തിൽ അധ്യാപകർക്കെതിരെ സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടികൾ ചട്ടപ്രകാരം പൂർത്തീകരിച്ച നടപടി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ